<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3418 | 29/01/2014 ൽ മറുപടിയ്ക്ക്

## <u>ഇ.എം.എസ്. ഭവന പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.രാജു | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ.എം.എസ് ഭവന പദ്ധതി പ്രകാരം എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം സംസ്ഥാനത്ത് 1,69,598 വീടുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാതെ നില്ക്കുന്ന വീടുകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ആയതിന്റെ കണക്കുകൾ ലഭ്യമാണോ എന്നറിയിക്കുമോ ; | (ബി) ഉണ്ട്. 40,759 വീടുകൾ പൂർത്തിയാക്കാനുണ്ട് |
| (സി) ഇവയുടെ നിർമ്മാണം പൂർത്തിയാക്കാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പുതുക്കിയ നിരക്കിലെ അധിക ധനസഹായം ലഭിയ്ക്കാൻ അർഹതയുള്ള ഗുണഭോക്താക്കൾക്ക്, ധനസഹായം നൽകുന്നതിലേയ്ക്കായി പ്രാഥമിക സഹകരണബാങ്കിൽ നിന്നോ ജില്ലാ സഹകരണ ബാങ്കിൽ നിന്നോ വായ്പ എടുത്ത് ധനസഹായം ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഐ.എ.വൈ ഒഴികെയുള്ള വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ധനസഹായം ലഭിച്ച നിർമ്മാണം പൂർത്തിയാകാത്ത വീടുകളുടെ സ്ഥിതി ബന്ധപ്പെട്ട എൻജിനീയറുടെ മേൽനോട്ടത്തിൽ ഓരോ കേസും പ്രത്യേകമായി പരിശോധിച്ച് വിവരങ്ങൾ ശേഖരിച്ച് ഇപ്പോൾ നിലവിലുള്ള |

ധനസഹായ നിരക്കിന് ആനുപാതികമായി ഓരോ ഘട്ടങ്ങളിലെയും പൂർത്തീകരണത്തിന് അനുസൃതമായി അധിക ധനസഹായം നല്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ